


ഫോട്ടോ: പി.ബി. ബിജു

കവർസ്റ്റോറി

കെ. രാജേശ്വരി

വി.എസ്. അച്യുതാനന്ദന്റെ ഇടപെടലുകൾ സി.പി.എമ്മിലെ വിഭാഗീയതയെ എങ്ങനെ രാഷ്ട്രീയവത്കരിക്കുന്നു?

വിഭാഗീയതയെ രാഷ്ട്രീയവത്കരിക്കുന്നവിധം

1940. കമ്യൂണിസ്റ്റ് പാർട്ടി എന്ന നിയമവിരുദ്ധ സംഘടനയിൽ ചേരുമ്പോൾ വി.എസ്. അച്യുതാനന്ദന് വയസ്സ് പതിനേഴ്. പാർട്ടിയുടെ പരമോന്നത നേതാവ് പി. കൃഷ്ണപിള്ളയാണ്. ആലപ്പുഴത്തൊഴിലാളികളെ സംഘടിപ്പിച്ചതും അവരിൽനിന്ന് നേതൃനിര പടുത്തുയർത്തിയതും കൃഷ്ണപിള്ളതന്നെ. തൊഴിലാളി നേതാക്കളിൽ പ്രധാനികൾ കെ.വി. പത്രോസും ആർ. സുഗതനും. പിന്നെ പി.എ. സോളമൻ, സൈമൺ ആശാൻ, സി.ഒ. മാത്യു, എസ്. കുമാരൻ, പി.ജി. പത്മനാഭൻ, കെ.കെ. കുഞ്ഞൻ, എം.ടി. ചന്ദ്രസേനൻ....

1942ൽ പാർട്ടി നിയമ വിധേയമായി. മുമ്പ് സാമ്രാജ്യത്വയുദ്ധം എന്നാക്ഷേപിച്ച രണ്ടാം ലോക മഹായുദ്ധത്തെ സഖാക്കൾ ജനകീയയുദ്ധമെന്ന് പുകഴ്ത്തി. തിരുവനന്തപുരത്ത് ഫ്ലച്ചർ ബിൽഡിംഗിൽ കെ.സി. ജോർജ് പ്രസിഡൻറും പി.ടി. പുന്നൂസ് സെക്രട്ടറിയുമായി തിരുവിതാംകൂർ കമ്യൂണിസ്റ്റ് പാർട്ടി ഓഫീസ് തുറന്നു. നാടൊട്ടുക്ക് സഖാക്കൾ ജാപ്‌വിരുദ്ധ നാടക ങ്ങളും ഓട്ടന്തുള്ളലും അരങ്ങേറ്റി.

കാലം പിന്നെയും പോകെ, കമ്യൂണിസ്റ്റുപാർട്ടി ദിവാൻ ഭരണത്തിനെതിരായി. അ മേരിക്കൻ മോഡൽ ഭരണഘടനക്കെതിരായ സമരത്തിന് നടുനായകത്വം വഹിച്ച ടി.വി. തോമസ് നയിച്ച അഖില തിരുവിതാംകൂർ ട്രേഡ് യൂനിയൻ കോൺഗ്രസ്. 194 ഒക്ടോബറിൽ ഐതിഹാസികമായ പുന്നപ്ര-വയലാർ സമരം. ഉയരും ഞാൻ, നാട കെപ്പടരും ഞാൻ!

1947ൽ സ്വാതന്ത്ര്യപ്രാപ്തി, തിരുവിതാംകൂറിൽ ഉത്തരവാദഭരണം. 1948ൽ കമ്യ ണിസ്റ്റ് പാർട്ടി സ്വാതന്ത്ര്യത്തെ തള്ളിപ്പറഞ്ഞ് ഉടൻ വിപ്ലവത്തിനിറങ്ങി- രണദിവെയു ടെ കൽക്കത്താ തിസീസ്. ബ്രിട്ടീഷുകാരേക്കാൾ നിഷ്ഠുരമായി കോൺഗ്രസ് സർ ക്കാർ സഖാക്കളെ വേട്ടയാടി. രക്തസാക്ഷികളുടെ എണ്ണം വർധിച്ചു. ഒളിവിലിരിക്കെ കൃഷ്ണപിള്ള പാമ്പുകടിയേറ്റ് മരിച്ചു. സഖാവ് പത്രോസ് പാർട്ടിക്ക് അനഭിമതനായി ടി.വി. തോമസായി ആലപ്പുഴത്തൊഴിലാളികളുടെ അനിഷേധ്യനേതാവ്.

1957 ഏപ്രിൽ അഞ്ചിന് സംസ്ഥാനത്ത് കമ്യൂണിസ്റ്റ് മന്ത്രിസഭ അധികാരമേറ്റു അന്നു പുലർച്ചെ ഇ.എം.എസും സഹപ്രവർത്തകരും വലിയ ചുടുകാട്ടിലെത്തി രക് തപുഷ്പാർച്ചന നടത്തി. ബലി കുടീരങ്ങളേ, സ്മരണകളിരമ്പും രണസ്മാരകങ്ങളേ...

1958. കമ്യൂണിസ്റ്റു പാർട്ടി ആലപ്പുഴ ജില്ലാ സെക്രട്ടറിയായി വി.എസ്. അച്യുതാ നന്ദൻ. വിദ്യാഭ്യാസ നിയമത്തിനും കാർഷിക ബന്ധബില്ലിനുമെതിരെ പ്രക്ഷോഭം ന ടക്കുംകാലം. കമ്യൂണിസ്റ്റുകാരെ അടിച്ചൊതുക്കാൻ കുട്ടനാട്ടിൽ ജന്മിമാർ സംഘടി ച്ച് കുറുവടിസേനയുണ്ടാക്കി. കുറുവടിസേനയുടെ സുപ്രീം കമാൻറർ നിരണം ബേ ബി എന്നറിയപ്പെട്ട ഇലഞ്ഞിക്കൽ ജോൺ ജേക്കബ്. മടമുറിച്ചും വിളനശിപ്പിച്ചും ജന്മി

[illegible] കമ്യൂണിസ്റ്റ് നേതാവ് സഖാവ് അച്യുതാനന്ദൻ. അടിക്ക് അടി, കൊ [illegible]

[illegible] [illegible]റേഖ ലംഘിച്ച് ചൈനയുടെ ആക്രമണം. പഞ്ചശീലതത്ത്വങ്ങൾ [illegible], സമാധാനപരമായ സഹവർത്തിത്വം ഫലിതവും. തീവ്രവാദി കമ്യൂണി [illegible] [illegible]യേക്കപ്പെട്ടു. അക്കൂട്ടത്തിലുണ്ടായിരുന്നു സഖാവ് അച്യുതാന [illegible] 1964ൽ പാർട്ടിയിലെ പിളർപ്പ് പൂർണമായി. ദേശീയ കൗൺസിലിൽനിന്നിറങ്ങി [illegible] 32 [illegible]ലുമുണ്ടായിരുന്നു അച്യുതാനന്ദൻ.

[illegible] ജില്ലയിലെ മുതിർന്ന നേതാക്കളധികവും സോവിയറ്റ് അനുകൂല ഔദ്യോ [illegible]മായിരുന്നു. കെ.സി. ജോർജ്, ടി.വി. തോമസ്, എം.എൻ. ഗോവിന്ദൻ [illegible] പി.ടി. പുന്നൂസ്, ആർ. ശങ്കരനാരായണൻ തമ്പി, ആർ. സുഗതൻ, എസ്. കു [illegible] സി.ജി. സദാശിവൻ, പി.എ. സോളമൻ, എം.ടി. ചന്ദ്രസേനൻ. വിമതപക്ഷത്ത് [illegible]ന്നു പറയാൻ വി.എസും ഗൗരിയമ്മയും മാത്രം. ആശയപരമെന്നതിനേ [illegible] [illegible]പരമായ കാരണങ്ങളാലാണ് ഗൗരിയമ്മ ഇടഞ്ഞോട്ടു ചാഞ്ഞത്. ആല [illegible]ളികളെ മാർക്സിസ്റ്റ് പടകുടീരത്തിലേക്ക് നയിച്ചുകൊണ്ടുപോയത് [illegible] വീരപുത്രൻ വി.എസ്. അച്യുതാനന്ദൻ.

[illegible] കേരള നിയമസഭയിലേക്ക് കന്നിയങ്കം, അമ്പലപ്പുഴനിന്ന്. എതിരാളികൾ [illegible]ലെ കെ.എസ്. കൃഷ്ണക്കുറുപ്പ്, സി.പി.ഐയിലെ ആർ. സുഗതൻ. [illegible]ളി മണ്ഡലത്തിൽ നിന്ന് 1957ലും '60ലും ജയിച്ചയാളാണ് സുഗതൻ. [illegible] മത്സരത്തിനൊടുവിൽ കൃഷ്ണക്കുറുപ്പ് വിജയം നേടി. ഭൂരിപക്ഷം 2327. [illegible] സഖാവ് സുഗതന്റെ ജാമ്യസംഖ്യ നഷ്ടപ്പെടുത്തുന്നതിൽ അച്യുതാ [illegible] വിജയിച്ചു.

1967ൽ അമ്പലപ്പുഴ നിന്ന് ആദ്യജയം. കോൺഗ്രസിലെ എ. അച്യുതനുമേൽ [illegible]ന്റെ ഭൂരിപക്ഷം 9515. ഭൂപരിഷ്കരണ ബില്ലിന്റെ ആവിർഭാവകാലം. കുട്ട [illegible] സംഘട്ടനങ്ങൾ പെരുകി. മാർക്സിസ്റ്റ് ഭരണം പോകാതെ താടിവടിക്കില്ലെ [illegible] ചെയ്തു, നിരണം ബേബി. ആലപ്പുഴയിൽ സി.പി.ഐ-സി.പി.എം സം [illegible] മൂർച്ഛിച്ചു. ബോട്ട് ക്രൂ അസോസിയേഷൻ പിടിക്കാൻ കടുത്ത പോരാട്ടം [illegible].

1970ൽ വീണ്ടും തെരഞ്ഞെടുപ്പ്. ആർ.എസ്.പിയിലെ കെ.കെ. കുമാരപിള്ള വലി [illegible]ളിയുയർത്തിയെങ്കിലും അച്യുതാനന്ദൻ വിജയിച്ചു. ഭൂരിപക്ഷം 2768 ലേ [illegible]ന്നു. മിച്ചഭൂമി സമരത്തിന്റെ, സംഘർഷത്തിന്റെ നാളുകൾ. 1975ൽ അടി [illegible]വസ്ഥ. വീണ്ടും ജയിൽവാസം. 1977ൽ അമ്പലപ്പുഴ മൽസരിച്ച അച്യുതാന [illegible], കുമാരപിള്ളയോട് തോറ്റു. വ്യത്യാസം 5585. അതോടെ വി.എസ്. താൽക്കാലി [illegible] തെരഞ്ഞെടുപ്പുരംഗം വിട്ടു.

1980, മുഖ്യമന്ത്രിപദമേൽക്കാൻ ഇ.കെ. നായനാർ സി.പി.എം സംസ്ഥാന സെക്ര [illegible]സ്ഥാനമൊഴിഞ്ഞു. തൽസ്ഥാനത്തേക്ക് വി.എസ് തെരഞ്ഞെടുക്കപ്പെട്ടു. പതിറ്റാ [illegible] കാത്തിരിപ്പിനൊടുവിൽ കൈവന്ന ഭരണം സഖാക്കളെ മത്തുപിടിപ്പിച്ചു. [illegible].എസ്.എസ്-മാർക്സിസ്റ്റ് 'സംഘട്ടനങ്ങൾ നിത്യസംഭവമായി. ഭരണപങ്കാളികളാ [illegible]ന്റെ ണി വിഭാഗം കോൺഗ്രസിനും സി.പി.ഐക്കും കിട്ടി ന്യായമായ വിഹിതം. [illegible]കാല്ലം തികയും മുമ്പ് മന്ത്രിസഭ തകർന്നുവീണു.

1985 ആകുമ്പോഴേക്കും പാർട്ടിക്കകത്ത് എം.വി. രാഘവൻ പ്രബലനായിക്കഴിഞ്ഞു. [illegible]ടുപ്പ്, താൻപോരിമ, വാഗ്‌വിലാസം, വിദ്യാർഥി-യുവജന സംഘടനകൾക്കു [illegible] അളവറ്റ സ്വാധീനം. നിയമസഭക്കകത്തും പുറത്തും എതിരാളികളുടെ പേടിസ്വ [illegible]. എ.കെ.ജിക്കുശേഷം മലബാർ ഭാഗത്തുനിന്നുയർന്നുവന്ന യഥാർഥ ജനനേതാ [illegible]. എം.വി.ആർ എന്ന മൂന്നക്ഷരം അണികളെ ആവേശഭരിതരാക്കി, വിരോധികളെ ച [illegible]മാരും.

[illegible]ഘവന്റെ വളർച്ച, തിരുവിതാംകൂർ ഭാഗത്തുനിന്നുള്ള നേതാക്കളെ ആശങ്കാകു [illegible]ക്കി. ഇ. ബാലാനന്ദനും എം.എം. ലോറൻസും അച്യുതാനന്ദനുമൊക്കെ അക്കൂ [illegible]ൽപ്പെടും. നിർണായക മുഹൂർത്തത്തിൽ ഇ.എം.എസിന്റെ പിന്തുണയും അ [illegible] ലഭിച്ചു. ഭൂരിപക്ഷ-ന്യൂനപക്ഷ വർഗീയതകൾ ഒരുപോലെ നാടിന് ആപൽകര [illegible]ന്ന ലൈൻ പാർട്ടി അംഗീകരിച്ച കാലം. ശരീഅത്ത് നിയമങ്ങൾ കാലോചിത [illegible] പരിഷ്കരിക്കണം എന്ന് നമ്പൂതിരിപ്പാട് അഭിപ്രായപ്പെടുകയും അഖിലേന്ത്യാ [illegible]സ്ലിംലീഗിനെ ഇടതുപക്ഷ മുന്നണിയിൽനിന്ന് തന്ത്രപൂർവം ബഹിഷ്കരിക്കുക [illegible] ചെയ്തിട്ട് അധികകാലമായിരുന്നില്ലതാനും. 1986ൽ എറണാകുളത്തുനടന്ന സം [illegible]ഥാന സമ്മേളനത്തിൽ, രാഘവനും കൂട്ടരും ഔദ്യോഗിക ലൈനിന് വിരുദ്ധമായ [illegible]ൽരേഖ അവതരിപ്പിച്ചു. ഹിന്ദുത്വശക്തികളുടെ വളർച്ച തടയാൻ മുസ്ലിംലീഗു [illegible] കൂട്ടുചേരണം. ഭൂരിപക്ഷ വർഗീയതയോളം വരില്ല ന്യൂനപക്ഷ വർഗീയത.

[illegible] പി.വി. കുഞ്ഞിക്കണ്ണനും പുത്തലത്ത് നാരായണനും ഇ.കെ. നായനാരും ടി. ശിവ [illegible]സമേനോനുമൊക്കെ പിന്തുണച്ചുവെങ്കിലും ബദൽരേഖ തിരസ്കരിക്കപ്പെട്ടു. വി.എ [illegible], അച്യുതാനന്ദൻ വീണ്ടും സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. [illegible]ൽക്കത്തയിൽ നടന്ന പാർട്ടി കോൺഗ്രസിൽ ബദൽരേഖ വീണ്ടും ചർച്ചാവിഷയ [illegible]. രാഘവപക്ഷത്തുനിന്ന് പ്രശ്നം ഉന്നയിച്ചത് ടി. ശിവദാസമേനോൻ. ഔദ്യോഗി [illegible] പക്ഷത്തുനിന്ന് ഖണ്ഡിച്ചത് കെ. മോഹനൻ. പാർട്ടി കോൺഗ്രസ്, ബദൽരേഖ നി

ഷ്കരുണം നിരാകരിച്ചു; ഇ.കെ. നായനാർ പോളിറ്റ് ബ്യൂറോയിൽനിന്ന് ഒഴിവാക്കപ്പെട്ടു. തൽസ്ഥാനത്ത് പി.ബി അംഗമായത് അച്യുതാനന്ദൻ.

എം.വി. രാഘവനും കൂട്ടർക്കുമെതിരെ അച്ചടക്ക നടപടിയുണ്ടായി. രാഘവന് ചായ കൊടുത്തവർവരെ പാർട്ടിയിൽനിന്ന് പുറത്താക്കപ്പെട്ടു. സി.പി. മൂസാൻകുട്ടി, സി.പി. ജോൺ, സി.കെ. ചക്രപാണി, സി. വാസുദേവമേനോൻ എന്നിവർ രാഘവന്റെ നേതൃത്വത്തിൽ സി.എം.പിയുണ്ടാക്കി. പുത്തലത്ത് നാരായണനും പി.വി. കുഞ്ഞിക്കണ്ണനും രാഷ്ട്രീയമുപേക്ഷിച്ചു. നായനാരും ശിവദാസമേനോനും ജീവിക്കാൻ പഠിച്ചവരാണ്. അവർ പശ്ചാത്തപിച്ച് പാർട്ടിയിൽ തുടർന്നു.

1987 മാർച്ചിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഔദ്യോഗിക ലൈൻ വെന്നിക്കൊടി പാറിച്ചു. മുസ്ലിംലീഗും കേരള കോൺഗ്രസുമില്ലാത്ത ഇടതുമുന്നണിക്കനുകൂലമായി ഹൈന്ദവവികാരം ആളിക്കത്തി. അച്യുതാനന്ദന്റെ നേതൃത്വത്തിൽ പാർട്ടിയുടെ പ്രചാരണയന്ത്രം ഉഗ്രമായി പ്രവർത്തിക്കുകയും ചെയ്തു. ഫലം ഇടതുമുന്നണിക്ക് വൻ വിജയം, പശ്ചാത്താപവിവശനായ നായനാർ മുഖ്യമന്ത്രി. 1989ൽ ആലപ്പുഴ നടന്ന സംസ്ഥാന സമ്മേളനത്തിൽ വി.എസ് വീണ്ടും സെക്രട്ടറി.

1991 ജനുവരിയിൽ നടന്ന ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി വൻ വിജയം നേടി. മലപ്പുറം ഒഴികെയുള്ള 13 ജില്ലകളിലും അവർ ഭരണത്തിലെത്തി. അനുകൂല രാഷ്ട്രീയ കാലാവസ്ഥ മുതലെടുത്ത് നിയമസഭാ തെരഞ്ഞെടുപ്പ് നേരത്തേ നടത്താൻ പാർട്ടി തീരുമാനിച്ചു.

ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിലെ തിരിച്ചടിയെത്തുടർന്ന് ഐക്യമുന്നണി വിടാൻ ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗ് തീരുമാനിച്ചു. കേരള കോൺഗ്രസ് ജോസഫ് ഗ്രൂപ്പിനെയെന്നപോലെ തങ്ങളെയും

ഭൂരിപക്ഷം ജില്ലാ കമ്മിറ്റികളും വി.എസിന്റെ പക്ഷത്താണ്. സംസ്ഥാന സമ്മേളന പ്രതിനിധികളിൽ അധികംപേരും അച്യുതാനന്ദപക്ഷപാതികൾ തന്നെ. സി.ഐ.ടി.യു പക്ഷവുമായി തന്ത്രപരമായ ധാരണയുണ്ടാക്കാനും വി.എസിനു കഴിഞ്ഞിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും ജയം സുനിശ്ചിതമല്ല. കാരണം, പിണറായി വിജയൻ വില്ലാളിവീരനാണ്. ചതുരുപായങ്ങളും പയറ്റും.

ഇടതുമുന്നണി കൈക്കൊള്ളുമെന്നാണ് ലീഗ് നേതാക്കൾ പ്രതീക്ഷിച്ചത്. ലീഗിനെച്ചേർത്ത് മുന്നണി ശക്തിപ്പെടുത്തണമെന്നായിരുന്നു നായനാരുടെ മോഹം. എങ്കിൽപ്പിന്നെ കേരളം പശ്ചിമബംഗാളാകും. നമുക്ക് ആചന്ദ്രതാരം സുഖമായി ഭരിക്കാം. പക്ഷേ, അച്യുതാനന്ദൻ അടുത്തില്ല. മ്ലേച്ഛ വർഗീയ കക്ഷിയുമായി സഖ്യമോ? ഒരിക്കലും പാടില്ല. ഭൂരിപക്ഷ-ന്യൂനപക്ഷ വർഗീയതകൾ ഒരേപോലെ ആപൽക്കരം. കേരള കോൺഗ്രസും ലീഗും തമ്മിൽ താരതമ്യം പാടില്ല. പള്ളി വേറെ, സ്രാമ്പി വേറെ. സഹികെട്ട് മുസ്ലിംലീഗ് വലതുമുന്നണിയിലേക്ക് തിരിച്ചുപോയി.

നീണ്ട ഒരിടവേളക്കുശേഷം, അത്തവണ അച്യുതാനന്ദൻ നിയമസഭയിലേക്ക് മൽസരിച്ചു. മണ്ഡലം മാരാരിക്കുളം, ആലപ്പുഴ ജില്ലയിലെ ഇടതുശക്തിദുർഗം. മുന്നണിക്കു ഭൂരിപക്ഷം ലഭിച്ചാൽ വി.എസായിരിക്കും മുഖ്യമന്ത്രി എന്ന് ഏറക്കുറെ വ്യക്തമായിരുന്നു. മുന്നണി നല്ല പ്രകടനം കാഴ്ചവെക്കും എന്നതും ഉറപ്പായിരുന്നു. പക്ഷേ, തെരഞ്ഞെടുപ്പ് പ്രചാരണം അവസാനിച്ചശേഷമുണ്ടായ ശ്രീപെരുമ്പത്തൂർ സ്ഫോടനം പ്രതീക്ഷയെ തകിടം മറിച്ചു. രാജീവ്ഗാന്ധിയുടെ വധത്തെത്തുടർന്ന് തെരഞ്ഞെടുപ്പ് മാറ്റിവെച്ചു. ചിതാഭസ്മകലശവുമായി കോൺഗ്രസുകാർ ഊരുചുറ്റി വോട്ടുപിടിച്ച് ജയിച്ചു.

9980 വോട്ടിൻെറ ഭൂരിപക്ഷത്തോടെ മാരാരിക്കുളത്ത് വിജയിച്ചെങ്കിലും പ്രതിപക്ഷനേതാവാകാൻ വി.എസ് ഒരുങ്ങിയില്ല. അദ്ദേഹം പാർട്ടി ജനറൽ സെക്രട്ടറിയായി തുടർന്നു. തെരഞ്ഞെടുപ്പ് പരാജയത്തെത്തുടർന്ന് പാർട്ടിക്കകത്ത് ആശയക്കുഴപ്പവും സംഘർഷവും മൂർച്ഛിച്ചു. അച്യുതാനന്ദൻെറയും നായനാരുടെയും നേതൃത്വത്തിൽ പ്രകടമായി രണ്ട് ഗ്രൂപ്പുകളുണ്ടായി. കാലാവധി കഴിയുംമുമ്പ് തെരഞ്ഞെടുപ്പ് നടത്തിയതും ലീഗിനെ മുന്നണിയിലെടുക്കാഞ്ഞതുമാണ് പരാജയ കാരണമെന്ന് നായനാർ വിശ്വസിച്ചു. ബാലാനന്ദനും ലോറൻസും നായനാരെ പിന്തുണച്ചു. ഇ.എം.എസിൻെറ പിന്തുണയും അവർക്ക് ലഭിച്ചു.

1992ൽ സംസ്ഥാന സമ്മേളനം കോഴിക്കോട്ടു നടന്നു. തുലോം അപ്രതീക്ഷിതമായി സെക്രട്ടറിസ്ഥാനത്തേക്ക് മൽസരമുണ്ടായി. നാലുവോട്ടിൻെറ വ്യത്യാസത്തിൽ നായനാർ അച്യുതാനന്ദനെ തോൽപിച്ചു. ഇ.എം.എസിൻെറ അനുഗ്രഹാശിസ്സുകളോടെ നായനാരും കൂട്ടരും വി.എസ് പക്ഷപാതികളെ വേട്ടയാടി. 1994 ജനുവരി ഒന്നിൻെറ ശുഭമുഹൂർത്തത്തിൽ ഗൗരിയമ്മ പുറത്താക്കപ്പെട്ടു.

ഇ.കെ. നായനാർ പാർട്ടി സെക്രട്ടറിയായ ഒഴിവിൽ അച്യുതാനന്ദനായി, പ്രതിപക്ഷനേതാവ്. പ്രതിപക്ഷനേതൃത്വത്തിനുവേണ്ട അടവോ തന്ത്രങ്ങളോ ഒന്നും വി.എസിന് വശമില്ല. ബേബിജോണും പി.എസ്. ശ്രീനിവാസനുമാണ് പ്രതിപക്ഷനിരയിൽ വെട്ടിത്തിളങ്ങിയത്.

1995ലെ കൊല്ലം സമ്മേളനത്തിൽ വി.എസ് പക്ഷം തിരിച്ചടിച്ചു. അത്തവണ സംസ്ഥാന കമ്മിറ്റിയിലേക്ക് മൽസരമുണ്ടായി. ഔദ്യോഗികപാനലിനെതിരെ അച്യുതാനന്ദൻെറ അനുയായികൾ മൽസരിച്ചുവെങ്കിലും പത്മലോചനനെമാത്രമേ തോൽക്കാനായുള്ളൂ. ലോറൻസ് തലനാരിഴക്ക് രക്ഷപ്പെട്ടു. വോട്ടെടുപ്പിൽ ഇ.എം.എസിൻെറ പേരുവെട്ടാനും ആളുണ്ടായി! സെക്രട്ടറിയായി നായനാർ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

1996ൽ വീണ്ടും നിയമസഭാ തെരഞ്ഞെടുപ്പ്. 'അനാരോഗ്യം' നിമിത്തം നായനാർ മൽസരരംഗത്തുനിന്നു മാറിനിന്നു. അച്യുതാനന്ദൻ മാരാരിക്കുളത്ത് മാറ്റുരച്ചു. സുശീലാഗോപാലൻ അമ്പലപ്പുഴയിൽ, ടി.കെ. രാമകൃഷ്ണൻ കോട്ടയത്തും. നാരായണപ്പണിക്കരുടെയും ശാശ്വതീകാനന്ദ സ്വാമിയുടെയും പെന്തക്കോസ്തുസഭയുടെയും സഹായത്താൽ ഇടതുമുന്നണി ഭൂരിപക്ഷം നേടി. തൊണ്ടിപ്പഴം പഴുത്തപ്പോൾ കാക്കക്ക് വായ്പുണ്ണ്! മാരാരിക്കുളത്ത് വി.എസ് പരാജിതനായി. മുമ്പ് രണ്ടുതവണ അരൂരിൽ മൽസരിച്ച് ഗൗരിയമ്മയോട് തോറ്റ കോൺഗ്രസിലെ അഡ്വ. പി.ജെ. ഫ്രാൻസിസിൻെറ കന്നി വിജയം. ഭൂരിപക്ഷം 1965.

സുശീലാഗോപാലൻ മുഖ്യമന്ത്രിയാകണമെന്നാണ് ഇ.എം.എസ് ആഗ്രഹിച്ചത്. ലോറൻസും ബാലാനന്ദനും രവീന്ദ്രനാഥുമൊക്കെ അതേ അഭിപ്രായക്കാരായിരുന്നു. അച്യുതാനന്ദൻ തന്ത്രപരമായി നായനാരുടെ പേരു നിർദേശിച്ചു. മുഖ്യമന്ത്രിക്കസേരക്കുവേണ്ടി നായനാർ തൻെറ ഗ്രൂപ്പിനെ തള്ളിപ്പറഞ്ഞു. സംസ്ഥാനകമ്മിറ്റിയിൽ വോട്ടെടുപ്പുണ്ടായി. നായനാർ ഗ്രൂപ്പിൻെറ സ്ഥാനാർഥി സുശീലാഗോപാലൻ; അച്യുതാനന്ദൻ ഗ്രൂപ്പിൻെറ സ്ഥാനാർഥി ഇ.കെ. നായനാർ! രണ്ടുവോട്ടിൻെറ വ്യത്യാസത്തിൽ നായനാർ മുഖ്യമന്ത്രിയായി, നായനാരുടെ ഒഴിവിൽ ചടയൻ ഗോവിന്ദൻ സംസ്ഥാന സെക്രട്ടറിയും.

1998 ഫെബ്രുവരി 19ന് ഇ.എം.എസ് നിര്യാതനായി. പാർട്ടിയുടെ ചരിത്രത്തിൽ ഒരു യുഗം അവസാനിച്ചു.

1998ലെ പാലക്കാട് സമ്മേളനം. എതിരാളികളെ വി.എസ് വെട്ടിനിരത്തി. ലോറൻസ് പരാജിതനായി, കേന്ദ്രകമ്മിറ്റിയിൽനിന്ന് ഏരിയാ കമ്മിറ്റിയിലേക്ക് തരം താഴ്ത്തപ്പെട്ടു. ലോറൻസിൻെറ ഒഴിവിൽ എൽ.ഡി.എഫ് കൺവീനറായത് വി.എസ്. അച്യുതാനന്ദൻ. സംസ്ഥാന സെക്രട്ടറി ചടയൻതന്നെ.

പാലക്കാട് സമ്മേളനത്തെത്തുടർന്ന്, 'മുമ്പ് നായനാർ ഗ്രൂപ്പ് എന്നറിയപ്പെട്ടിരുന്ന' സി.ഐ.ടി.യു വിഭാഗം നിർമൂലമാക്കപ്പെട്ടു. പി.ബി. ചെറിയാനും അപ്പുക്കുട്ടൻ വള്ളിക്കുന്നും പാർട്ടിയിൽനിന്ന് പുറത്താക്കപ്പെട്ടു. വള്ളിക്കുന്ന് *ദേശാഭിമാനി*യിൽനിന്ന് ബഹിഷ്കൃതനായി. അച്യുതാനന്ദൻെറ നല്ല പുസ്തകത്തിൽനിന്ന് പോയ ടി.ജെ. ആഞ്ചലോസ് സി.പി.ഐയിൽ ചേരേണ്ടി വന്നു.

1998 സെപ്റ്റംബർ ഒമ്പതിന് ചടയൻ ഗോവിന്ദൻ അന്തരിച്ചു. തൽസ്ഥാനത്ത് പിണറായി വിജയൻ സെക്രട്ടറിയായി; എസ്. ശർമ വൈദ്യുതിമന്ത്രിയും. നായനാരെ മുഖ്യമന്ത്രിയാക്കിയതിനേക്കാൾ ഭീമമായ അബദ്ധമാണ് വിജയനെ സെക്രട്ടറിയാക്കിയപ്പോൾ വി.എസിനു പിണഞ്ഞത്. പാർട്ടിയിലും ഭരണത്തിലും പിണറായി പിടിമുറുക്കി. നായനാരുടെ മേൽ വി.എസിന് ഒരു നിയന്ത്രണവുമില്ലാതായി. പിണറായി-കോടിയേരി-പി. ശശി-എം.കെ. ദാമോദരൻ എന്നിവരുടെ പാവയായി, കയ്യൂർ സമരനായകൻ സഖാവ് ഇ.കെ. നായനാർ. നാൽവർസംഘത്തിൻെറ അധികാരപ്രമത്തതയെയും അഴിമതിയെയും പറ്റി പല കഥകളും നാട്ടിൽ പ്രചരിച്ചു. ഇടതുജനാധിപത്യ മുന്നണിയുടെയും മാർക്സിസ്റ്റ് പാർട്ടിയുടെയും പ്രതിച്ഛായ മങ്ങി.

ഐസ്ക്രീം പാർലർ കേസിൽ കുടുങ്ങിയ കുഞ്ഞാലിക്കുട്ടിയെ ചൂണ്ടയാക്കി മുസ്ലിംലീഗിനെ മുന്നണിയിലെടുക്കാൻ പിണറായിപ്രഭൃതികൾ ഉൽസാഹിച്ചു. കൊരമ്പയിൽ ഹാജിയും പാണക്കാട് തങ്ങളും ഇടതുമുന്നണി പ്രവേശത്തിന് അനുകൂലമായിരുന്നുതാനും. 'മതേതര' മൂല്യങ്ങൾ സംരക്ഷിക്കാൻ മുസ്ലിംലീഗാവാമെന്ന് സി.പി.ഐയും ജനതാദളും അഭിപ്രായം പ്രകടിപ്പിച്ചു. പക്ഷേ, വി.എസിൻെറ കടുംപിടിത്തം ആ കൃശ്രമത്തെ തകിടം മറിച്ചു. വർഗീയകക്ഷികളുമായി സഖ്യമോ ധാരണയോ സാധ്യമല്ലെന്ന് സഖാവ് ഉച്ചൈസ്തരം ഉദ്ഘോഷിച്ചു. 2000ാം ആണ്ടിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അങ്ങിങ്ങു കണ്ട മാർക്സിസ്റ്റ്-ലീഗ് അടവുനയം അമ്പേപാളി. നാദാപുരത്തെ ജാതീയ കലാപത്തോടെ സി.പി.എം-ലീഗ് ബാന്ധവം അവസാനിച്ചു.

ലീഗ്-മാർക്സിസ്റ്റ് ബന്ധം പ്രാവർത്തികമായിരുന്നെങ്കിൽ കുന്നംകുളത്തിന് വടക്ക് ഒരൊറ്റ കോൺഗ്രസുകാരനും അസംബ്ലി കാണുകയില്ലായിരുന്നു. തെക്കൻ ജില്ലകളിലും ഫലം വളരെയൊന്നും വ്യത്യസ്തമാകുമായിരുന്നില്ല. 1991ലെന്നപോലെ 2001ാം ആണ്ടിലും ലീഗ്വിരോധത്താൽ തൻെറ മുഖ്യമന്ത്രിക്കസേര തള്ളിമാറ്റി, വി.എസ്. അച്യുതാനന്ദൻ.

2001ലെ നിയമസഭാ തെരഞ്ഞെടുപ്പ്പ്രഖ്യാപിക്കും മുമ്പുതന്നെ ഇടതുമുന്നണിയുടെ പരാജയം സുനിശ്ചിതമായിക്കഴിഞ്ഞിരുന്നു. നായനാരോ പിണറായിയോ ശിവദാസമേനോനോ ശർമയോ പാലോളിയോ മൽസരിച്ചില്ല. വി.എസ്. അച്യുതാനന്ദൻ മാരാരിക്കുളം ഉപേക്ഷിച്ച് വിദൂരസ്ഥമായ മലമ്പുഴയിൽ മൽസരിച്ചു. മണ്ഡലമുണ്ടായ നാൾ മുതൽ മാർക്സിസ്റ്റ് സ്ഥാനാർഥികൾ മാത്രമേ മലമ്പുഴയിൽ വിജയിച്ചിട്ടുള്ളൂ.

...നായനാരും മൂന്നുവട്ടം ശിവദാസമേനോനും മലമ്പുഴ ...ധാനം ചെയ്തിട്ടുണ്ട്. ഭൂരിപക്ഷം പതിനായിരം മുതൽ പ ...തിനായിരം വരെ.

...ടുപ്പ്തീർന്നപ്പോൾ, സംസ്ഥാനത്ത് ഇടതുമുന്നണിക്ക് കി ... 40 സീറ്റ്. മലമ്പുഴയിൽ യുവ കോൺഗ്രസ് നേതാവ് സതീ ...നിക്കെതിരെ വി.എസിൻെറ ഭൂരിപക്ഷം 4703. പ്രതിപക്ഷ ...ിൻെറ ഉത്തരവാദിത്തം ഭാരിച്ചതാണ്. കാരണം, ബേബി ജോ ... പി.എസ്. ശ്രീനിവാസനോ സി.കെ. ചന്ദ്രപ്പനോ ഇല്ല. അച്യു ...ൻെറ സംസാരരീതിയും ശരീരഭാഷയും അനുകരണീയമാം. ...ക്കാർക്ക് കൊയ്ത്തുകാലം.

...ലെ കണ്ണൂർ സമ്മേളനം പിണറായി വിജയനെ സംസ്ഥാന ...റിയായി വീണ്ടും തെരഞ്ഞെടുത്തു. ലോക്കൽ, ഏരിയ, ജി ... സമ്മേളനങ്ങളിൽ പലേടത്തും ബലപരീക്ഷണം നടന്നെങ്കിലും ...ന സമ്മേളനം സമാധാനപരമായിരുന്നു. നേരിട്ടുള്ള ഏറ്റു ... വി.എസോ വിജയനോ സന്നദ്ധരായില്ല. പാർട്ടിയിൽ വിഭാഗീ ...ണ്ടെന്ന ബൂർഷ്വാ മാധ്യമങ്ങളുടെ കുപ്രചാരണത്തെ പുച്ഛരി ...സ്താവനകളിറക്കി പ്രതിനിധികൾ പിരിഞ്ഞുപോയി.

...ളനാനന്തരം പാർട്ടിക്കുമേൽ പിണറായി പിടിമുറുക്കി. അ ...നന്ദൻ വെട്ടിപ്പിടിച്ച തൃശൂർ ജില്ലാ കമ്മിറ്റി പിരിച്ചുവിട്ടു. വി.എ ...ൻെറ മനഃസാക്ഷിസൂക്ഷിപ്പുകാരനായിരുന്ന എം.എ. ബേബി പി ...യിപക്ഷത്തേക്ക് മാറി. നിഷ്പക്ഷമതിയെന്ന് കരുതപ്പെട്ടിരുന്ന ...മുന്നണി കൺവീനർ പാലോളി മുഹമ്മദുകുട്ടിപോലും പോക ...കെ വിജയൻെറ ആജ്ഞാനുവർത്തിയായി.

വി.എസ്. അച്യുതാനന്ദൻെറ സ്ഥാനത്ത് മറ്റാരെങ്കിലുമായിരുന്നെ ... പണ്ടേ ഒതുങ്ങിപ്പോയേനെ. വി.എസ് അഴിമതിക്കെതിരെ കുരി ...യുദ്ധം പ്രഖ്യാപിച്ചു. നിയമസഭക്കകത്തും പുറത്തും സർക്കാറി ... പ്രതിക്കൂട്ടിലാക്കാൻ കിട്ടിയ ഒരവസരവും പാഴാക്കിയില്ല. മതി ...ട്ടാനിലെ വനം കൈയേറ്റമായാലും പൂമാലയിലെ വൃക്കവാണിഭമാ ...യാലും അച്യുതാനന്ദൻെറ ഇടപെടൽ നിർണായകമായിരുന്നു. ജാ ...തി-മത-പാർട്ടി-ഗ്രൂപ്പു ഭേദമെന്യെ ജനങ്ങളുടെ അംഗീകാരം അദ്ദേ ...ഹത്തിനു ലഭിച്ചു. മിമിക്രിക്കാർ മിക്കവാറും പരാജിതരായി.

...റിച്ച്, വി.എസിൻെറ പോരാട്ടത്തിന് ഒരു പിന്തുണയും പാർട്ടി ...ിൽനിന്നു ലഭിച്ചില്ല. പിണറായിയോടൊപ്പം നിൽക്കുന്നവർ തഗ്ഗു ...ക്കളും പിണ്ഡാരികളുമാണെന്ന് ജനത്തിന് ക്രമേണ മനസ്സിലായി. ...തൊഴിലാളിവർഗവിമോചകരായി അഭിനയിക്കുന്നവർ മുതലാളിമാർ ...ക്ക് വിടുവേല ചെയ്യുന്നവരാണെന്ന് പാർട്ടിക്കാർക്കും പിടികിട്ടി. ...സി.പി.എമ്മിൻെറ അജണ്ട തീരുമാനിക്കേണ്ടത് പി.വി. അബ്ദുൽ വ ...ഹാബും ഗൾഫാർ മുഹമ്മദാലിയുമാണോ എന്ന് സഖാക്കൾ പരസ് ...പരം ചോദിച്ചു.

2004 ഒക്ടോബർ 28 സി.പി.എമ്മിൻെറ ചരിത്രത്തിലെ സുപ്രധാ ...നമായ ദിവസമാണ്. അന്നാണ് റജീന കുഞ്ഞാലിക്കുട്ടിക്കെതിരെ പ ...ത്രസമ്മേളനം നടത്തിയത്.അതോടെ ഗ്രൂപ്പുവഴക്ക് മറനീക്കി പുറ ...ത്തുവന്നു. കുഞ്ഞാലിക്കുട്ടിയെ പ്രതിസ്ഥാനത്തുനിന്ന് ഒഴിവാക്കിയതാര് എന്ന ചോ ...ദ്യത്തിനുമുന്നിൽ സഖാക്കൾ പകച്ചുനിന്നു. കിളിരൂർ-കവിയൂർ പെൺവാണിഭക്കേസു ...കളിൽ പിണറായിപക്ഷത്തുള്ള ചില വി.ഐ.പികൾക്കുള്ള പങ്കും ചർച്ചാവിഷയമാ ...യി. സൂര്യനെല്ലി കേസുമായി ബന്ധപ്പെട്ട് അഡ്വ. ജനാർദനക്കുറുപ്പ് നടത്തിയ വെളി ...പ്പെടുത്തലുകൾ വേറെയും. ലോക്കൽ, ഏരിയ, ജില്ലാ സമ്മേളനങ്ങൾ ആരോപണ പ്ര ...ത്യാരോപണങ്ങളാൽ മുഖരിതമായി. നാലാംലോക സിദ്ധാന്തവും പാഠം-പാഠഭേദം തർ ...ക്കവും ശാസ്ത്രസാഹിത്യപരിഷത്തും മൂവാറ്റുപുഴ തെരഞ്ഞെടുപ്പുമൊക്കെ ആനു ...ഷംഗികമായി മാത്രം പരാമർശിക്കപ്പെട്ടു. നേതാക്കളുടെ നേരെ വിരൽചൂണ്ടി സഖാ ...ക്കൾ അഴിമതികൾ എണ്ണിപ്പറഞ്ഞു. അതത്രയും പറ്റേദിവസം ബൂർഷ്വാപത്രങ്ങളിൽ ...അച്ചടിച്ചുവരുകയും ചെയ്തു. മുമ്പൊരിക്കലും ഉണ്ടാകാത്തവിധത്തിൽ, നേതാക്കൾ ...പരസ്യപ്രസ്താവനകൾ നടത്തി. ഏതാണ്ടൊരു കരുണാകര-ആൻറണി നിലവാരത്തി ...ലെത്തി വി.എസും പിണറായിയും.

ഭൂരിപക്ഷം ജില്ലാ കമ്മിറ്റികളും വി.എസിൻെറ പക്ഷത്താണ്. സംസ്ഥാന സമ്മേള ...ന പ്രതിനിധികളിൽ അധികംപേരും അച്യുതാനന്ദപക്ഷപാതികൾതന്നെ. സി.ഐ.ടി.യു ...പക്ഷവുമായി തന്ത്രപരമായ ധാരണയുണ്ടാക്കാനും വി.എസിനു കഴിഞ്ഞിട്ടുണ്ട്. ഇ ...തൊക്കെയാണെങ്കിലും ജയം സുനിശ്ചിതമല്ല. കാരണം, പിണറായി വിജയൻ വില്ലാ ...ളിവീരനാണ്. ചതുരുപായങ്ങളും പയറ്റും. കേന്ദ്രകമ്മിറ്റിയെ ഇടപെടുവിക്കാനും മടി ...ക്കില്ല. മറ്റെല്ലാ വഴിയും അടഞ്ഞാൽ അച്യുതാനന്ദനു കീഴടങ്ങി സമാധാനം സ്ഥാപി ...ച്ച് സ്ഥാനം ഉറപ്പാക്കും. പണവും ആൾസ്വാധീനവും പിണറായിക്കാണ്. പിന്നെ ക ...ണ്ണൂർ കളരിയുടെ മുഷ്കും മുട്ടാളത്തവും. കോടിയേരി ബാലകൃഷ്ണനെയും എം.എ. ബേബിയെയുംപോലുള്ള പിന്തുണക്കാർ. എം.കെ. ദാമോദരൻെറ നിയമോപദേശം. പിണറായിയുടെ പ്രചാരണച്ചുമതല *മലയാള മനോരമ* ഏറ്റെടുത്തിരിക്കുന്നു (മാർക്സിസ്റ്റ് പാർട്ടിയെ തകർക്കാൻ വിജയനേ കഴിയൂ എന്ന തിരിച്ചറിവുകൊണ്ടാവണം).

മറുഭാഗത്ത് അച്യുതാനന്ദന് തുണ സി.കെ. ഗുരുദാസനെയും എസ്. ശർമയെയുംപോലുള്ള ഉരുപ്പടികളാണ്. പ്രചാരണം *കേരള കൗമുദി.*

മലപ്പുറത്തെ അങ്കത്തട്ടിൽ ചുരികയുമേന്തി നിൽക്കുകയാണ് പുന്നപ്രയുടെ വീരപുത്രൻ. വയസ്സ് 81 കഴിഞ്ഞുവെങ്കിലും പ്രായം ആരോഗ്യത്തെയോ ബുദ്ധിയെയോ ബാധിച്ചിട്ടില്ല. പോരാട്ടവീര്യത്തെ തളർത്തിയിട്ടുമില്ല. ഇനിയും ഒന്നല്ല, നിരവധി അങ്കങ്ങൾക്ക് ബാല്യമുണ്ട്. ആരെടെ വിജയാ പോരിനുവാടാ!



വി.എസ്. അച്യുതാനന്ദൻ ജീരകപ്പാറയിലെ വനംകൊള്ള കാണാനെത്തിയപ്പോൾ

മതികെട്ടാനിലെ വനം കൈയേറ്റമായാലും പൂമാലയിലെ വൃക്കവാണിഭമായാലും അച്യുതാനന്ദൻെറ ഇടപെടൽ നിർണായകമായിരുന്നു. ജാതി-മത-പാർട്ടി-ഗ്രൂപ്പു ഭേദമെന്യെ ജനങ്ങളുടെ അംഗീകാരം അദ്ദേഹത്തിനു ലഭിച്ചു. മിമിക്രിക്കാർ മിക്കവാറും പരാജിതരായി.